**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6227 — 02.04.2018 -ൽ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങൾ കച്ചവടലോബിയുടെ പിടിയിൽപെടുന്ന സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കച്ചവട ലോബിയുടെ പിടിയിൽപെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷണത്തിന്റെയും മറ്റ് കച്ചവട സാധനങ്ങളുടെയും വിൽപ്പനയിൽ സഞ്ചാരികളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ; | ബി) ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷണത്തിന്റെയും മറ്റ് കച്ചവട സാധനങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിൽ വരുന്നതല്ല. ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതാണ് വിനോദ സഞ്ചാര വകുപ്പ് ചെയ്യുന്നത്. |
| സി) ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളെ അലോസരപ്പെടുത്തുന്ന തരത്തിലുള്ള കച്ചവട രീതികൾ അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | സി) ടൂറിസം കേന്ദ്രങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മറ്റിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇതിന്മേൽ ജാഗ്രത പുലർത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ